# സൈലന്റ്‌വാലി വീണ്ടും പുതിയ പേരിൽ

പി. ഗോവിന്ദപിള്ള

കാൽ നൂറ്റാണ്ടിന് മുമ്പ് കേരളത്തിൽ മാത്രമല്ല ഇന്ത്യയിലാകെയും ഇന്ത്യക്ക് പുറത്തും കോളിളക്കം സൃഷ്ടിച്ച സൈലന്റ് വാലി ജലവൈദ്യുത പദ്ധതി ഉപേക്ഷിക്കപ്പെട്ടത് ഒരു ചരിത്ര സംഭവമായി. പരിസ്ഥിതി സംരക്ഷണത്തിനും അതുവഴി മനുഷ്യ ജീവിത സുരക്ഷിതത്വത്തിനും വേണ്ടി ലോകമാസകലം ഉയർന്നുവന്ന പ്രതിഷേധ പ്രകടനത്തോട് ഒടുവിൽ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി കൂടി ക്രിയാത്മകമായി പ്രതികരിച്ചപ്പോൾ പ്രകൃതിക്ക് എതിരായ മഹാപാതകത്തിൽനിന്ന് പിന്തിരിയാൻ കേരളസർക്കാരും വൈദ്യുതി ബോർഡും നിർബന്ധിതമായി. അന്ന് സൈലന്റ് വാലി പദ്ധതിക്കുവേണ്ടി കേന്ദ്രസർക്കാരിന്റെയും ഇന്ദിരാഗാന്ധിയുടെയും മുമ്പിൽ അതിശക്തിയായി വാദിച്ച അന്നത്തെ മുഖ്യമന്ത്രിയും ഇന്നത്തെ എം.പി.യുമായ പി.കെ. വാസുദേവൻനായർതന്നെ തനിക്ക് 'അറിവില്ലായ്മ' കൊണ്ട് പറ്റിപ്പോയ പിശക് ഏറ്റുപറയാനുള്ള ആർജ്ജവം പ്രകടിപ്പിച്ചു.

പി.കെ.വി. ഏറ്റുപറച്ചിൽ നടത്തിയ സന്ദർഭം പ്രത്യേകിച്ചും ശ്രദ്ധേയമാണ്. മണ്ണിനടിയിലെ ശുദ്ധജലം വലിച്ചൂറ്റി നിറവും വിഷവും കലർത്തി കൊക്കകോളയെന്നും പെപ്സിയെന്നും മറ്റുമുള്ള വിചിത്രപേരുകൾ നല്കി വിറ്റ് ജനങ്ങളുടെ ആരോഗ്യത്തിന് ഹാനി വരുത്തുന്ന ബഹുരാഷ്ട്ര കുത്തകകൾക്കെതിരെ ചിറ്റൂർ താലൂക്കിലെ പ്ലാച്ചിമടയിൽ ചേർന്ന് ആഗോള ജലസംരക്ഷണ സമ്മേളനമായിരുന്നു സന്ദർഭം. പി.കെ.വി.ക്ക് പുറമെ സുകുമാർ അഴീക്കോടിനെയും അരുന്ധതീറോയിയെയും വന്ദനാശിവയെയും മേധാപ്ടക്കറെയും പോലുള്ള സാംസ്കാരിക നായകരും പ്രതിപക്ഷ നേതാവ് വി.എസ്. അച്യുതാനന്ദനെയും എം.പി. വീരേന്ദ്രകുമാറിനെയും പോലുള്ള അത്യുന്നത രാഷ്ട്രീയ നേതാക്കളും വിഷജല വിതരണത്തിനെതിരെ ശബ്ദമുയർത്താൻ എത്തിച്ചേർന്നിരുന്നു. വിഷജല വിതരണത്തിന് പുറമെ മണ്ണിന്റെ ഈർപ്പം നശിപ്പിച്ച് കൃഷിഭൂമിയെ മരുഭൂമിയാക്കുകയും കിണറുകളിലും കുളങ്ങളിലും അവശേഷിക്കുന്ന വെള്ളത്തെ മലിനമാക്കുകയും ചെയ്യുന്നു ഈ പ്രക്രിയ. ഇതിനെ കൂടുതൽ അപകടകരമാക്കിക്കൊണ്ടിരിക്കുന്ന മറ്റൊരു ഘടകം മണലൂറ്റ്കൊണ്ടും അശാസ്ത്രീയമായ അണക്കെട്ടുകൊണ്ടും വിണ്ട്കീറിക്കൊണ്ടിരിക്കുന്ന പുഴകളാണ്. പാലക്കാട് ജില്ലയുടെ മറ്റ് ഭാഗങ്ങളിൽ എന്നപോലെ ചിറ്റൂരിനെയും വരട്ടുന്നത് വരളുന്ന ഭാരതപ്പുഴയും അതിന്റെ പോഷകനദികളും ആണ്. ഈ പോഷക നദികളിൽ പ്രധാനപ്പെട്ടവ ഗായത്രി, ചിറ്റൂർ, കല്പാത്തി, തൂത എന്നീ പുഴകളാണ്. തൂതപ്പുഴയുടെ പ്രധാനപ്പെട്ട ഉപ പോഷക നദിയാണ് ഇപ്പോൾ പാത്രക്കടവ് പദ്ധതിയുടെ പേരിൽ ഭീഷണി നേരിടുന്ന കുന്തിപ്പുഴ.

അത്യപൂർവ്വമായ സസ്യവൈവിധ്യംകൊണ്ട് സമ്പന്നവും ജന്തുജാലങ്ങളാൽ നിബിഡവും ആയ ഈ വിശ്വപ്രശസ്ത മഴവനത്തിന് ലക്ഷോപലക്ഷം വർഷങ്ങളുടെ പഴക്കം ഉള്ളതായി ഭൂതല വിജ്ഞാനികൾ വിലയിരുത്തുന്നു. നീണ്ട വിവാദങ്ങൾക്കും സമരങ്ങൾക്കും ശേഷം സൈലന്റ് വാലി ജലവൈദ്യുത പദ്ധതി ഉപേക്ഷിക്കപ്പെടുകയും 1984 ൽ അവിടെ ഒരു ദേശീയ ഉദ്യാനം സ്ഥാപിക്കുകയും ചെയ്തു. സൈലന്റ് വാലി പ്രദേശത്തിന്റെ ഹൃദയഭാഗമായി വിദഗ്ദ്ധന്മാർ തിട്ടപ്പെടുത്തിയ 89 ചതുരശ്ര കിലോമീറ്റർ ഭൂമി ഒരു വിധത്തിലും സ്പർശിച്ച് കൂടെന്ന ഉത്തരവ് നിലവിൽ വന്നു. അതിനുശേഷം പിന്നിട്ട വർഷങ്ങളിലെ അനുഭവം ആ പദ്ധതിയുടെ വിമർശകർ ഉന്നയിച്ച വാദങ്ങൾ എല്ലാം അവരെപ്പോലും അത്ഭുതപ്പെടുത്തും വിധം ശരിവെക്കുന്നതായിരുന്നു. ഇക്കഴിഞ്ഞ രണ്ട് രണ്ടര പതിറ്റാണ്ട് കാലത്ത് നമ്മുടെ വനങ്ങൾ പൂർവാധികം വേഗത്തിൽ നശിപ്പിക്കപ്പെടുകയും പുഴകളും ചെറുജലാശയങ്ങളും വരണ്ട് ഉണങ്ങാൻ തുടങ്ങുകയും കൃഷിവെള്ളത്തിന് മാത്രമല്ല കുടിവെള്ളത്തിനുകൂടി രൂക്ഷമായ ക്ഷാമം അനുഭവപ്പെടുകയും ചെയ്തു. പ്രത്യേകിച്ച് 2003–04 വർഷങ്ങളിലെ മലയാളികളുടെ ജലക്ഷാമം ഭാവിയെ സംബന്ധിച്ച് ആശങ്ക വളർത്തുംവിധം രൂക്ഷമായി. ഇത്രയൊക്കെ ആയിട്ടും വനം സംരക്ഷിക്കാനോ മണൽവാരൽ തടയാനോ കോളക്കാരുടെ ചോരയൂറ്റ് തടയാനോ സർക്കാർ വലിയ താത്പര്യം പ്രകടിപ്പിച്ചുകാണുന്നില്ല. 'ചോരയൂറ്റ്' എന്ന് മനഃപൂർവ്വം പറഞ്ഞതാണ്. വാസ്തവത്തിൽ അവരുടെ വെള്ളമൂറ്റൽ പ്രകൃതിയുടെ ജീവസ്സായ ചോരയെ തന്നെയാണ് ഊറ്റുന്നത്. കോളയുടെ നിറം ആകസ്മികം ആകാമെങ്കിലും അർത്ഥവത്താണ്.

ഇങ്ങനെ കേരളമാകെ വരണ്ട് കീറുകയും ശുദ്ധജലക്ഷാമം മൂലം ജനങ്ങൾ ഇതുവരെ കേട്ടുകേൾവിപോലും ഇല്ലാത്ത പകർച്ചവ്യാധികൾക്ക് ഇരയാവുകയും കൃഷിവെള്ളം കിട്ടാത്തതുമൂലം വരണ്ടുനശിച്ച കൃഷിപ്പാടങ്ങളെ സാക്ഷിനിറുത്തി കൃഷിക്കാർ ആത്മഹത്യയ്ക്കൊരുങ്ങുകയും ചെയ്തുകൊണ്ടിരിക്കുന്ന സന്ദർഭത്തിലാണ് വെള്ളിടിപോലെ പാത്രക്കടവ് പദ്ധതി തലയിൽ വന്നടിക്കുന്നത്. അമിതലാഭക്കൊതിയരായ കരാറുകാർക്കും അഴിമതി പ്രാണരായ ചില ഭരണക്കാർക്കും മാത്രം ഗുണം ചെയ്യുന്ന പാത്രക്കടവ് പദ്ധതി പഴയ സൈലന്റ് വാലി പദ്ധതിയുടെ സ്ഥലകാല ഭേദത്തോടുകൂടിയ പുതിയ അവതാരമാണ്. ദേശീയ ഉദ്യാനത്തിൽനിന്ന് 200 മീറ്ററും സൈലന്റ് വാലി ഹൃദയമേഖലയിൽ നിന്ന് ഒരു കിലോമീറ്ററും ഉപേക്ഷിക്കപ്പെട്ട പദ്ധതി പ്രദേശത്ത് നിന്ന് 3.5 കിലോമീറ്ററും മാത്രമാണ് പാത്രക്കടവിലേക്കുള്ള ദൂരം എന്ന് പറയുമ്പോൾ ഗൂഢാലോചനയുടെ വിശ്വരൂപം മനസ്സിലാക്കാം. ലോവർ പെരിയാർ, കുറ്റ്യാടി, പഴശ്ശി തുടങ്ങി അരഡസനിലേറെ പദ്ധതികൾ അങ്ങനെ തകർന്നും ഒലിച്ചും നശിക്കുമ്പോൾ അതൊന്നും നേരെ ആക്കാതെ ഒരു പുതിയ പദ്ധതിയുമായി രംഗപ്രവേശം ചെയ്തിട്ടുള്ളവരുടെ ഉദ്ദേശം ശുദ്ധമല്ല.

ഭൂതലത്തിലെ പച്ചത്തുരുത്തുകളും ഉദ്യാനങ്ങളും വനങ്ങളും മനുഷ്യശരീരത്തിലെ ഹൃദയത്തിന് തുല്യമാണ്. അന്തരീക്ഷത്തിലുള്ള ജീവജാല വിരുദ്ധമായ ഇംഗാലാമ്ലവാതകം മാലിന്യങ്ങളെ സ്വാംശീകരിച്ച് ജീവദായകമായ പ്രാണവായുവിനെ പ്രസരിപ്പിച്ച് അന്തരീക്ഷത്തിന്റെ വിശുദ്ധി നിലനിർത്തുന്നത് വനങ്ങളും പച്ചപ്പടർപ്പുകളും ആണ്. ഇന്നും ലോകത്തിലെ കാലാവസ്ഥകൾ അവ്യവസ്ഥിതവും ആപത്കരമാംവണ്ണം നാശകാരിയും ആകുന്നതിന്റെയും പുഴകൾ വറ്റുന്നതിന്റെയും മണ്ണൊലിപ്പ് കൃഷിയിടങ്ങളെ ഊഷരമാക്കുന്നതിന്റെയും ഉരുൾപൊട്ടൽ പോലുള്ള ഭീകര ദുരന്തങ്ങൾ ആവർത്തിക്കുന്നതിന്റെയും പിന്നിൽ വനനശീകരണം വലിയൊരു പങ്കുവഹിക്കുന്നുണ്ട്.

കേരളത്തിൽ കഴിഞ്ഞ 50 വർഷക്കാലത്ത് വനങ്ങളുടെ വിസ്തീർണ്ണം 30 ശതമാനമായി കുറഞ്ഞത് ഭാവിയെ സംബന്ധിച്ച് ആശങ്ക ഉണർത്തുന്നു.

തൊഴിലില്ലായ്മയും ദാരിദ്ര്യവും മൂലം വനം നശിപ്പിക്കാനായാലും മണലൂറ്റാനായാലും കുറേ ആളുകളെ സംഘടിപ്പിച്ച് എടുക്കാൻ കഴിയും. അത്തരം കുറേയാളുകളെയാണ് പാത്രക്കടവ് പദ്ധതി സംബന്ധിച്ച തെളിവെടുപ്പ് സന്ദർഭത്തിൽ ചില കരാറുകാരും സ്ഥാപിത താത്പര്യക്കാരും വിളിച്ചുകൂട്ടി സുഗതകുമാരിയെപ്പോലുള്ളവരുടെ നേരെ ബഹളം കൂട്ടാൻ അഴിച്ചുവിട്ടത്. അത് ജനകീയ വികാരങ്ങളുടെ പ്രകടനമായി സാമാന്യബുദ്ധിയുള്ളവർ കരുതുകയില്ല. വൈദ്യുതി ബോർഡിനെ കൂടുതൽ കടബാദ്ധ്യതയിലാക്കാനും ഇപ്പോഴും പണി തീരാതെ കിടക്കുന്ന ജലവൈദ്യുതി പദ്ധതികളെ അനാഥമാക്കി പൊതു ഖജനാവ് നശിപ്പിക്കാനും മാത്രമേ അടുത്ത കാലത്തൊന്നും പൂർത്തിയാവാൻ ഇടയില്ലാത്ത ഈ പദ്ധതി ഉപകരിക്കൂ. ഇതിനു വേണ്ടിവരുന്ന ചെലവിന്റെ പകുതിയെങ്കിലും മുടക്കിയാൽ പണി പകുതിയായി കിടക്കുന്ന പദ്ധതികൾ പൂർത്തിയാക്കാൻ കഴിയും. സർക്കാർ കണക്ക് പ്രകാരം ഇപ്പോൾ വൈദ്യുതിയുടെ 30 ശതമാനത്തിലേറെ വിതരണത്തിലെ ക്രമക്കേടും വൈദ്യുതി മോഷ്ടാക്കളും ഉദ്യോഗസ്ഥന്മാരും തമ്മിലുള്ള അവിഹിത വേഴ്ച മൂലം നഷ്ടപ്പെടുന്നുണ്ട്. അതൊന്നും പരിഹരിക്കാൻ കരാറുകാരുടെ കുടുക്കിൽപ്പെട്ടിരിക്കുന്ന ബോർഡ് അധികാരികൾക്കോ മന്ത്രിമാർക്കോ താത്പര്യമില്ല. കാരണം അതുകൊണ്ടൊന്നും പ്രത്യേകിച്ച് ഒരു 'ലഭ്യ'വും ഇല്ലല്ലോ. അതുപോലെത്തന്നെ ലോകമെങ്ങും കൂടുതൽ കൂടുതലായി ഇപ്പോൾ ആശ്രയിക്കുന്ന ബദൽ ഊർജ്ജസ്രോതസ്സുകൾ വികസിപ്പിച്ച് ജനകീയ ആവശ്യങ്ങൾ നിർവഹിക്കുന്ന കാര്യത്തിലും ഭാവനാദരിദ്രരായ അധികൃതർക്ക് ശ്രദ്ധയില്ല.

സംസ്ഥാനത്തിന്റെ സുസ്ഥിതിക്കും പ്രകൃതിയുടെ സുരക്ഷിതത്വത്തിനും വെല്ലുവിളി ഉയർത്തുന്ന പാത്രക്കടവ് ഗൂഢാലോചന വെച്ചുപൊറുപ്പിച്ചുകൂടാ.